പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

28.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.5503

## ധനകാര്യ കമ്മീഷൻ ശുപാർശയും തദ്ദേശ സ്ഥാപനങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ.വി. വിജയദാസ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ആവശ്യത്തിന് പണം ലഭിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 30% തുക തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ; | ബി) പദ്ധതി അടങ്കലിന്റെ 25% ത്തിൽ കുറയാത്ത തുക ലഭ്യമാക്കിയിട്ടുണ്ട്. |
| സി) മൊത്തം പദ്ധതി അടങ്കലിൽ നിന്നും എത്ര തുക മാറ്റിവച്ചതിനു ശേഷമുള്ള തുകയാണിപ്പോൾ ലഭിക്കുന്നത്; ഇത് ധനകാര്യ കമ്മീഷൻ ശിപാർശയ്ക്ക് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) മൊത്തം പദ്ധതി അടങ്കലിൽ നിന്നും 15200 കോടി രൂപ മാറ്റിവച്ചതിനു ശേഷമുള്ള 4800 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്നത്. ഇത് ധനകാര്യ കമ്മീഷന്റെ, സർക്കാർ അംഗീകരിച്ച ശുപാർശയ്ക്ക് വിരുദ്ധമല്ല. |
| ഡി) ഈ സർക്കാരിന്റെ കാലത്ത് ഫലത്തിൽ എത്ര ശതമാനം തുകയാണ് ലഭിക്കുന്നതെന്നും ഇതിൽ ഓരോ വർഷവും എത്രശതമാനം വീതം ചെലവഴിക്കാൻ സാധ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ? | ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ